സർക്കസ്സ് കലാകാരൻമാർക്ക് അനുവദിച്ച പെൻഷൻ

465 [821] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 മാർച്ച് 31 വരെയായി ആകെ എത്ര സർക്കസ് കലാകാരൻമാർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്;

(ബി) അതിൽ 1982 മാർച്ചു മാസം വരെയുള്ള കാലയളവിൽ പെൻഷൻ അനുവദിക്കപ്പെടുന്നവരുടെ എണ്ണം എത്ര;

(സി) 1982 ഏപ്രിൽ 1-ന് ശേഷം 1985 മാർച്ചു 31 വരെ പുതുതായി പെൻഷൻ അനുവദിക്കപ്പെട്ടവരുടെ എണ്ണം എത്രയെന്നു വെളിപ്പെടുത്താമോ?

ഉത്തരം

(എ) 100 പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) 1982 മാർച്ചു മാസം വരെ 55 പേർക്കു പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(സി) 1982 ഏപ്രിൽ ഒന്നിനു ശേഷം 1985 മാർച്ചു 31 വരെ 45 പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്.

ഫ്രീ ലാൻഡ് ജേർണലിസ്റ്റുകൾ

466 [823] ശ്രീ. കെ.കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഫ്രീ ലാൻഡ് ജേർണലിസ്റ്റുകളെ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ബി) പത്രസ്ഥാപനങ്ങളുടെ സ്ഥിരം ജോലിക്കാരല്ലാത്ത, സ്വതന്ത്രമായി തൊഴിൽ ചെയ്യുന്ന ഫ്രീ ലാൻഡ് ജേർണലിസ്റ്റുകൾക്ക് സർക്കാർ അക്രഡിറ്റേഷൻ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക്;

(സി) ഇല്ലെങ്കിൽ ഇവർക്ക് അക്രഡിറ്റേഷൻ നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) ഇല്ല.

(സി) ഇപ്പോഴില്ല.

LIBRARY ARCHIVES Kerala Legislative Assembly